(ഡി) അതിനുശേഷം അവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഇ) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് മുഖേന സമ്പാദ്യ ശേഖരണം നടത്തുന്ന ഏജന്റുമാർക്ക് 31-3-2005 വരെ കൊടുത്തിരുന്ന കമ്മീഷൻ എത്ര; ഇപ്പോൾ കൊടുത്തുവരുന്ന കമ്മീഷൻ എത്ര എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം (2005-2006) 3250 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) 2004-2005-ൽ പല പദ്ധതികളിലായി മിച്ചനിക്ഷേപമായി സമാഹരിച്ച 3207.72 കോടി രൂപയിൽ മഹിളാ പ്രധാൻ ഏജന്റുമാരുടെ സമാഹരണം 372 കോടി രൂപമാത്രമാണ്.

(സി) കേന്ദ്ര സർക്കാർ വക 4% കമ്മീഷൻ, സംസ്ഥാന സർക്കാർ വക 4% പ്രോൽസാഹന അലവൻസ്, 1.25% വാർഷിക ബോണസ്. കൂടാതെ, ഇവർക്കായി ഏജന്റ്സ് വെൽഫയർ സ്കീമും പെൻഷൻ പദ്ധതിയും ഉണ്ട്.

(ഡി) ഉണ്ട്. മഹിളാ പ്രധാൻ ഏജന്റുമാരുടെ വാർഷിക ബോണസ് 1.25%-ൽനിന്ന് 1% ആയി കുറയ്ക്കുകയും ബോണസ് പരിധി 15000 രൂപയായി നിജപ്പെടുത്തുകയും ചെയ്തു.

(ഇ) നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് മുഖേന സമ്പാദ്യ ശേഖരണം നടത്തുന്ന ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ വക 1% കമ്മീഷൻ, സംസ്ഥാന സർക്കാർ വക 1% പ്രോൽസാഹന അലവൻസ്, 0.10% വാർഷിക ബോണസ് എന്നിവയാണ് നൽകിവരുന്നത്. 31-3-2005-ന് ശേഷവും ഇതേ നിരക്ക് തുടരുന്നു.

മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കൽ

39 [976] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പിന് കീഴിലുള്ള മഹിളാ പ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചാൽ സമ്പാദ്യ പദ്ധതിയിലേക്കുള്ള ധനസമാഹരണത്തെ ദോഷകരമായി ബാധിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ എത്ര ശതമാനം ബോണസാണ് ഏജന്റുമാർക്ക് വകുപ്പ് തലത്തിൽ നൽകിയിരുന്നത്; 15-6-2005-ന് ജി.ഒ.(പി.) നമ്പർ 282/2005 പ്രകാരം ഇറക്കിയ ഉത്തരവിൽ ഇത് എത്ര ശതമാനമായി കുറവ് വരുത്തിയിട്ടുണ്ട്. ഇതിന് കാരണമെന്താണ്; ബോണസിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകം എന്താണ്;

(ഡി) 2005-2006 സാമ്പത്തികവർഷം സമ്പാദ്യ പദ്ധതിയിലേക്ക് മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന എത്ര കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഇ) പുതിയ ഉത്തരവിനെത്തുടർന്ന് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(എഫ്) 15-6-2005-ലെ ജി.ഒ.(പി.) 282/2005-ാം നമ്പർ ഉത്തരവ് പുനഃപരിശോധിച്ച് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ നിലനിർത്താൻ സർക്കാർ തയ്യാറാകുമോ; മേൽപ്പറഞ്ഞ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്ക് വളരെ ആകർഷകമായ പലിശ നിരക്ക് നിലവിൽ ഉള്ളതിനാൽ ധനസമാഹരണത്തെ ദോഷകരമായി ബാധിക്കുകയില്ല.

(സി) 1.25% വാർഷിക ബോണസാണ് ഏജന്റുമാർക്ക് നൽകിയിരുന്നത്. ഇത് 1% ആയി കുറച്ചിട്ടുണ്ട്. ധനസമാഹരണത്തിനായി സംസ്ഥാന സർക്കാരിന് വളരെ വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാലും മറ്റു സംസ്ഥാനങ്ങളിലില്ലാത്ത വിധം നിലവിലും മെച്ചപ്പെട്ട വേതനം ഏജന്റുമാർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുള്ളതു കൊണ്ടുമാണ് ഈ കുറവ് വരുത്തിയിട്ടുള്ളത്. ബോണസ് പരിധി 15000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സമാനമേഖലയിൽ പ്രവർത്തിക്കുന്നവർക്കെല്ലാം ബോണസിന് പരിധിയുണ്ട് എന്നതും കളക്ഷന് അനന്തമായ സാധ്യത ഉണ്ടെന്നതും, അതുമൂലം സർക്കാരിനുണ്ടാകുന്ന വലിയ സാമ്പത്തിക ബാധ്യതയും കണക്കിലെടുത്താണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്.

(ഡി) മഹിളാ പ്രധാൻ ഏജൻസിവഴിയുള്ള സമാഹരണത്തിന് പ്രത്യേക ലക്ഷ്യം വയ്ക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മൊത്തത്തിലുള്ള നിക്ഷേപ സമാഹരണ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു.†

ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രോൽസാഹനത്തിന് സമ്മാനപദ്ധതികൾ

40 [977] *ശ്രീ. കൊവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രോൽസാഹനത്തിനായി സമ്മാന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സമ്മാന പദ്ധതിക്കായി എന്തു തുക ഓരോ വർഷവും ചെലവിട്ടു;

(ഡി) ഈ സമ്മാന പദ്ധതിയിലൂടെ സമ്മാനം നൽകുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നത് എവിടെനിന്നാണ്;

(ഇ) സമ്മാന പദ്ധതിയിലൂടെ സർക്കാരിനുണ്ടായ നഷ്ടം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2005-2006-ൽ സമ്മാന പദ്ധതി ഏർപ്പെടുത്തിയിട്ടില്ല.

(ബി)

(1) 1-4-2002 മുതൽ 30-9-2002 വരെ ഒന്നാംഘട്ട സമ്മാന പദ്ധതി. (കാർ, മോട്ടോർ സൈക്കിൾ തുടങ്ങി നിരവധി സമ്മാനങ്ങൾ).

(2) 1-10-2002 മുതൽ 31-3-2003 വരെ രണ്ടാംഘട്ട സമ്മാനപദ്ധതി. ബംബർ സമ്മാനത്തോടുകൂടിയത് (കാർ, സ്കൂട്ടർ, മോട്ടോർ സൈക്കിൾ തുടങ്ങി നിരവധി സമ്മാനങ്ങളും).

(3) 1-1-2003 മുതൽ 31-3-2003 വരെ നിക്ഷേപം പിൻവലിക്കാത്തവർക്കായിട്ടുള്ള സമ്മാന പദ്ധതി (സർപ്രൈസ് സമ്മാന പദ്ധതി).

(4) 1-10-2003 മുതൽ 31-3-2004 വരെ വാഹന സമ്മാന പദ്ധതി.

(5) 1-4-2004 മുതൽ 31-3-2005 വരെ വാഹന സമ്മാന പദ്ധതി.

---

†അനുബന്ധം II കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[13-7-2005-ലെ *1 (150)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

1. ബാബുപോൾ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ

(എ) ട്രോൾവലയുടെ കണ്ണിവലുപ്പം 35 mm-ൽ കുറയാൻ പാടില്ല.

(ബി) കേരള മത്സ്യബന്ധന നിയന്ത്രണനിയമം (1980) ഫലപ്രദമായി നടപ്പിലാക്കുക.

(സി) അഴിമുഖത്തുനിന്നും ഉള്ളിലേക്ക് മൂന്നു കിലോമീറ്റർ ഭാഗം വരെ മത്സ്യബന്ധനം നിരോധിക്കുക. (ഫിഷ് സാങ്ച്വറി)

(ഡി) ചെമ്മീൻ പിടിക്കുന്ന ട്രോളറുകളുടെ എണ്ണം കൂടാൻ അനുവദിക്കരുത്.

(ഇ) കായൽ മത്സ്യബന്ധനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുക.

(എഫ്) കടലിലേയും ഉൾനാടൻ ജലാശയങ്ങളിലെയും ജലമലിനീകരണം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.

(ജി) വിഷം കലർത്തി മീൻപിടിത്തം തടയുക.

(എച്ച്) റിസോഴ്സ് മാനേജ്മെന്റ് സെൽ—മത്സ്യമേഖലയിലെ വിഭവ പരിപാലനത്തിനാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും പഠനങ്ങൾ നടത്തുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു റിസോഴ്സ് മാനേജ്മെന്റ് സെൽ രൂപീകരിക്കണം.

2. കലാവർ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ (1985)

(എ) ട്രോൾവലയുടെ കണ്ണിവലുപ്പം 35 mm-ൽ കുറയാൻ പാടില്ല.

(ബി) ട്രോളിംഗ് ബോട്ടുകളുടെ എണ്ണം 1145 ആയി പരിമിതപ്പെടുത്തുകയും ബാക്കിയുള്ളവ മറ്റു മീൻപിടുത്തത്തിലേക്ക് തിരിച്ചുവിടുകയും ചെയ്യുക.

(സി) പെഴ്സിൻ, പെലാജിക് ട്രാൾ, മിഡ്വാട്ടർ ട്രാൾ എന്നിവ ടെറിട്ടോറിയൽ അതിർത്തിക്കുള്ളിൽ നിരോധിക്കുക.

(ഡി) ട്രോളിംഗ് ബോട്ടുകൾ 20 മീറ്റർ ആഴത്തിനപ്പുറം മാത്രമേ പ്രവർത്തിക്കാൻ അനുവദിക്കാവൂ.

(ഇ) ബോട്ടുകളുടെ രജിസ്ട്രേഷനും ലൈസൻസും കർശനമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. 1989-ൽ പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

1. കടൽമത്സ്യബന്ധനത്തിൽ വിവിധതരം യാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ദൂരപരിധി കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. യന്ത്രവത്കൃതബോട്ടുകൾ ഉപയോഗിച്ചുള്ള രാത്രികാല മത്സ്യബന്ധനം (ഗിൽനെറ്റ് ഒഴികെ) കർശനമായും നിരോധിക്കേണ്ടതാണ്.

3. മത്സ്യബന്ധനത്തിലേർപ്പെടുന്ന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. സംസ്ഥാനത്തെ കടലിൽ പ്രവർത്തിക്കുന്ന യന്ത്രവത്കൃതബോട്ടുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

5. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പൂർണ്ണമായും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തേണ്ടതാണ്.

6. സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ മേഖലയിൽ റിംഗ്സീൻ, പെഴ്സിൻ, പെലാജിക് ട്രാൾ, മിഡ്വാട്ടർ ട്രാൾ എന്നിവയുടെ ഉപയോഗം കർശനമായും നിരോധിക്കേണ്ടതാണ്.

7. 15 എച്ച്. പി.-യിൽ കൂടുതൽ ശക്തിയുള്ള ഒ.ബി.എം.-കൾക്ക് രജിസ്ട്രേഷൻ അനുവദിക്കരുത്.

8. കലാവർ കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ വലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കേണ്ടതാണ്.

9. സംസ്ഥാനത്തെ ഓരുജല കായൽ പ്രദേശങ്ങളിൽ മത്സ്യസമ്പത്ത് സംരക്ഷണത്തിനായി വിവിധ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

10. സംസ്ഥാനത്തെ മത്സ്യ സമ്പത്ത് സംരക്ഷണത്തിനായി ഒരു ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സെൽ രൂപീകരിക്കേണ്ടതാണ്.

4. 1990-ലെ പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

1. 1987-ലെ ബാലകൃഷ്ണൻ നായർ കമ്മിറ്റി (1) റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതുപോലെ മൺസൂൺകാല ട്രോളിംഗ് നിരോധനത്തെക്കുറിച്ച് ഒരു സമഗ്രമായ ഒരു പഠനം (SCORP-Save Coastal Resources Project) എത്രയുംവേഗം നടത്തുകയാണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

5. സൈലാസ് കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ (1992)

1. വർഷകാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുക.
2. ഇപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച മേഖലയിൽ 15 എച്ച്. പി. യിൽ കൂടുതലുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ പാടില്ല.
3. ഈ മേഖലയിൽ വള്ളങ്ങൾ ഉപയോഗിച്ചുള്ള മിനി ട്രോളിംഗ് നിരോധിക്കണം.
4. ഡിപ്പാർട്ട്മെന്റിൽ ഒരു റിസോഴ്സ് മാനേജ്മെന്റ് സെൽ സംഘടിപ്പിക്കുക.
5. കക്ക, കല്ലുമ്മക്കായ മുതലായവ കടലിൽ കൃഷിചെയ്യുന്ന സമ്പ്രദായം ആരംഭിക്കുക.
6. കൃത്രിമ പാരുകൾ സ്ഥാപിച്ച് മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുക.

6. 1988-ൽ പ്രൊഫ. ബാലകൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

1. ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കേണ്ടതാണ്.
2. സി. എം. എഫ്. ആർ. ഐ., വിവിധ യൂണിവേഴ്സിറ്റികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ആലോചിച്ച് സംസ്ഥാനത്ത് ഫിഷറീസ് മാനേജ്മെന്റ് നടപടികളുടെ ഒരു പാക്കേജ് പ്രോഗ്രാം ഫിഷറീസ് വകുപ്പ് ഉണ്ടാക്കേണ്ടതാണ്.
3. 25 എച്ച്. പി.-യിൽ കൂടുതൽ ശക്തിയുള്ള ഔട്ട്ബോർഡ് മോട്ടറുകൾ സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ വാട്ടേഴ്സിൽ പ്രവർത്തിക്കാൻ അനുവദിക്കരുത്.
4. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും ഒരു സെൻസസ് എടുക്കേണ്ടതാണ്.
5. ചെമ്മീൻ, കൊഞ്ച്, ഞണ്ട് തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ കായൽ പ്രദേശങ്ങളിൽനിന്നും അഴിമുഖങ്ങളിൽനിന്നും ശേഖരിക്കുന്നത് തടയേണ്ടതാണ്.
6. സംസ്ഥാനത്തിന്റെ കായലുകളിൽ പ്രവർത്തിക്കുന്ന വലകളുടെ കണ്ണി വലുപ്പം നിയന്ത്രിക്കുകയും ലൈസൻസില്ലാത്ത ഊന്നി, കുറ്റിവലകൾ പൂർണ്ണമായും നീക്കം ചെയ്യേണ്ടതുമാണ്.
7. മത്സ്യസമ്പത്തിന് നാശമുണ്ടാക്കുന്ന രീതിയിലുള്ള മത്സ്യബന്ധന രീതികൾ നിരോധിക്കുകയും അവ കർശനമായും നടപ്പാക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[13-7-2005-ലെ 39 (976)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

Abstract

NATIONAL SAVINGS SCHEME—ANNUAL INCENTIVE BONUS TO MPKBY AGENTS—INCENTIVES TO INDIVIDUALS, INSTITUTIONS, DISTRICT COLLECTORS, ETC. STREAMLINING/DISCONTINUANCE—ORDERS ISSUED.

FINANCE (ADMINISTRATION-A) DEPARTMENT

G.O. (P) No. 282/2005/Fin. Dated, Thiruvananthapuram, 15th June, 2005.

Read: G.O. (Ms.) 698/97/Fin. dated 24-8-1987.

ORDER

1. The State Government have examined in detail all aspects of the huge cost to the State Government in the collection under National Savings Scheme, Recurring Deposits, serviced through the MPKBY agents. The incentive to MPKBY agents were fixed way back in 1985 when, to collect money under the Recurring Deposit Scheme (RD) was a tedious endeavour and the annual gross collection was a mere of ₹ 22 crore whereas in 2004-05 the RD collection has increased to ₹ 1292 crore. However, the net amount received by the State Government as long term loan from the National Savings Scheme Fund of the Central Government is a low ₹ 372 crore. In contrast, the incentives that are being given out to MPKBY agents are based on the disproportionately sizable gross collection in RDs. These include Central Government Commission, annual incentive bonus, incentive allowance etc. from the State Government to the tune of ₹ 120 crore plus. The Government desire that some sort of streamlining and rationalisation be applied in this regard.

2. Government also feel that the incentives to both individual and institutional investors, District Collectors, other Officers, etc. also need to be reviewed.

LIBRARY ARCHIVES Kerala Legislative Assembly

3. Consequently, in supersession of all orders issued hitherto in this matter, Government are pleased to issue orders as follows with immediate effect:

(i) The present rate of 1.25% of the collection under RD being paid as annual incentive bonus to MPKBY agents vide Government Order read above stands reduced to one percent, with an annual ceiling of ₹ 15000 per agent. The 4% commission from Government of India and the 4% incentive allowance from Government of Kerala (with suitable changes in percentage rates for lower amounts) will continue as of now.

(ii) All incentives to both individual and institutional depositors will be dispensed with.

(iii) All incentives to District Collectors shall be discontinued.

(iv) Lucky prize draws to depositors will stand withdrawn.

By order of the Governor,

K. JOSE CYRIAC,
Principal Secretary (Finance).

അനുബന്ധം III

[13-7-2005-ലെ 44 (981)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

റെഡിമെയ്ഡ് വസ്ത്രങ്ങൾ

മരുന്നുകൾ

പി.വി.സി. പൈപ്പ്

കാലിത്തീറ്റ

ഇലക്ട്രിക് ഉപകരണങ്ങൾ

അലുമിനിയം ഗൃഹോപകരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly